**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1046 — 14.01.2021 ൽ മറുപടിയ്ക്ക്

**പെരിങ്ങോം ഗവ.ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിടം**

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.സി.കൃഷ്ണൻ: | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| **(എ)** പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ. യുടെ പുതിയ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി 51 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നല്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | **(എ)** പെരിങ്ങോം ഗവ.ഐ.ടി.ഐ.യുടെ കെട്ടിട പൂർത്തീകരണത്തിനായി 51.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി തയ്യാറാക്കി ട്രെയിനിംഗ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി നടപ്പ് സാമ്പത്തിക വർഷം ബന്ധപ്പെട്ട ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുകയിൽ നിന്നും വിവിധ നിർമ്മാണ പ്രവർത്തികൾക്ക് നിയമാനുസൃതം അനുവദിച്ച് നൽകാൻ സാധിക്കുന്ന 150% ഓളം തുകയ്ക്കുള്ള ഭരണാനുമതി ഇതിനോടകം അനുവദിച്ച് നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ മതിയായ തുക ശേഷിക്കാത്തതിനാൽ റീ- അപ്രോപ്രിയേഷൻ, അഡീഷണൽ ഓതറൈസേഷൻ നടപടികളിലൂടെ തുക കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| **(ബി)** ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ കഴിയുമോ? | **(ബി)** റീ-അപ്രോപ്രിയേഷൻ, അഡീഷണൽ ഓതറൈസേഷൻ നടപടികളിലൂടെ തുക ലഭ്യമായാൽ ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി അനുവദിച്ച് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

Bindu

സെക്ഷൻ ഓഫീസർ